IMPERIUM
FIESTA

PINDICHARITHAM

CHAPTER TWO

പിണ്ടിചരിതം

രണ്ടാം ഭാഗം

ജനുവരി 5, 6 ദിവസങ്ങളിലായാണ് പിണ്ടിപെരുനാൾ അഞ്ചാം തീയതി രാത്രിയിലാണ് പിണ്ടി കുത്തുക കച്ചവടങ്ങൾക്കോ മറ്റു കാര്യങ്ങൾക്കോ വീട്ടിലെ ആൺ പ്രജകൾ പോകുന്നതിനു മുമ്പേ രാവിലെത്തന്നെ കുത്താനുള്ള പിണ്ടി മുറിച്ച് വെക്കും. കുലച്ച വാഴകളുടെ പിണ്ടിമാത്രമാണ് ഇതിനുപയോഗിക്കുക.പുഷ്ടിയുള്ളതും ചുരുങ്ങിയത് ആറടിയെങ്കിലും ഉയരമുള്ളതുമായിരിക്കും പിണ്ടി. വളവുള്ളതും, കേടുള്ളതുമായ പിണ്ടികൾ ഉപയോഗിക്കാറില്ല വെട്ടിയ പിണ്ടിയുടെ കടയും തലഭാഗവും ചെത്തി നിരപ്പുള്ളതാക്കും പുറം ഭാഗത്തെ നാലഞ്ച് പോളകളെങ്കിലും പൊളിച്ച് കളഞ്ഞ് പിണ്ടിയുടെ ഉടൽ ഭാഗം ഒരു വിധം മിനുസമുള്ളതാക്കും. ഇങ്ങനെ തയാറാക്കിയ പിണ്ടി മുൻ വശത്തെത്തിച്ച് വീടിന്റെ ചുവരിൽ ചാരി വെയ്ക്കും.

പിണ്ടി കുത്താനുള്ള കുഴിയൊരുക്കലാണ് പിന്നീട്.വീടുകളുടെ മുൻ വാതിലിനു നേരെയാണ് പിണ്ടി കുത്തുന്നതിനുള്ള സ്ഥാനം 'അങ്ങാടി വീടുകളുടെ മുൻവാതിൽ തുറന്നാൽ കാൽ കുത്തുന്നത് റോഡിലേക്കായതുകൊണ്ട് കുഴി കുത്തുന്നത് റോഡിൽത്തന്നെ പിന്നീട് പ്ലാസ്റ്റിക് ബക്കറ്റുകളിലും, മരപ്പെട്ടികളിലുമൊക്കെയായി പിണ്ടി കുത്തൽ പിണ്ടിയുടെ കടയേക്കാൾ അല്പം വിസ്താരത്തിൽ രണ്ടടിയെങ്കിലും താഴ്ചയിലാണ് കുഴിയൊരുക്കുക.

വൈകുന്നേരത്തോടെയാണ് പിണ്ടി കുത്തുക പുറത്തു പോയവർ നേരത്തെത്തന്നെ വീട്ടിലെത്തിയിരിക്കും. കുഴിയിലേക്ക് പിണ്ടി ഇറക്കിവെച്ച് നേരെ നിറുത്തും.ചെറിയ കല്ലുകളും, മണ്ണുമൊക്കെയിറക്കി കുഴിതൂർത്ത് പിണ്ടി മണ്ണിലുറപ്പിക്കും. എന്നിട്ട് പിണ്ടിക്കുചുറ്റുമുള്ള മണ്ണ് നനച്ച് മെഴുകിയെടുക്കും. പണ്ട് പിണ്ടിക്കു ചുറ്റുമുള്ള നിലം ചാണകം കൊണ്ട് മെഴുകാറാണത്രേ പതിവ്.

തകിടിൽ നിർമ്മിച്ച ചെരാതുകൾ പിണ്ടിയുടെ മുകൾ ഭാഗം മുതൽ താഴ്ഭാഗം വരെ വൃത്താകൃതിയിൽ കുത്തി നിറുത്തും.ചിലർ തെങ്ങിൻ മടൽ ചെത്തിമിനുക്കി ഏതാണ്ട് ഒരു വിരലിന്റെ നീളത്തിലും വീതിയിലുമുള്ള കഷണങ്ങളുണ്ടാക്കി പിണ്ടിയിൽ കുത്തിവെയ്ക്കും ഉറപ്പിച്ച ചെരാതുകളിൽ എണ്ണയൊഴിച്ച് തിരിയിട്ടു വെയ്ക്കും. തെങ്ങിൻ മടലാണെങ്കിൽ പരന്ന അറ്റത്ത് മെഴുകുതിരികൾ ഉറപ്പിച്ചു വെയ്ക്കും.പിണ്ടിയുടെ മുകൾ ഭാഗത്ത് ഓട്ടു വിളക്ക് എണ്ണയൊഴിച്ച് തിരിയിട്ട് വെയ്ക്കും. ചിലരാകട്ടെ മരക്കമ്പിൽ, എണ്ണയിൽ മുക്കിയെടുത്ത തുണി ചുറ്റി തയാറാക്കിയ പന്തങ്ങളാണ് പിണ്ടിയുടെ നെറുകയിൽ വെയ്ക്കുക. അങ്ങാടി വീടുകൾക്കു മുമ്പിൽ നിരയായ് നിൽക്കുന്ന ദീപാലംകൃതങ്ങളായ പിണ്ടികളും പശ്ചാത്തലത്തിലുള്ള ക്രിസ്തുമസ് നക്ഷത്രങ്ങളും ചേതോഹരങ്ങളായ കാഴ്ചയൊരുക്കിയിരുന്നു. പിണ്ടിപ്പെരുന്നാളിന്റെ ആഘോഷത്തിമിർപ്പിൽ പടിഞ്ഞാറെ അങ്ങാടിക്കാർക്കായിരുന്നു മുൻതൂക്കം അന്നും ഇന്നും കരിമരുന്നു പ്രയോഗങ്ങളാണു് പിണ്ടിപ്പെരുന്നാളിന്റെ മുഖമുദ്ര

IMPERIUM FIESTA

ഇനി നൂറു കൊല്ലങ്ങൾക്കു മുമ്പുള്ള പിണ്ടിപ്പെരുന്നാൾ കാഴ്ചകളിലേക്ക് പടിഞ്ഞാറെ അങ്ങാടിക്കാരനും കുന്നംകുളത്തെ പ്രമുഖനാഢ്യനുമായിരുന്ന പുലിക്കോട്ടിൽ ഇയ്യുകുട്ടിയുടെ പിണ്ടി പെരുന്നാൾനടത്തിപ്പ് ഏറെ പ്രശസ്തമായിരുന്നു. അങ്ങാടികൾ സംഗമിക്കുന്ന നടുപ്പന്തിയിൽ പത്ത്, പതിനഞ്ചടി നീളമുള്ള ഒരു ഇരുമ്പ് കുറ്റി നാട്ടും. അതിന്റെ മുകളറ്റത്തു കെട്ടിയ കമ്പക്കയറിന്റെ മറ്റേ അറ്റം പടിഞ്ഞാറെ അങ്ങാടിയുടെ അറ്റത്ത് മണ്ണിൽ അടിച്ചിറക്കിയ ഇരുമ്പു കുറ്റിയിലാണ് കെട്ടുക കയറിന് ഏറെ കേൾവികേട്ട കൊല്ലത്തെ അഞ്ചുതെങ്ങ് എന്ന **സ്ഥലത്ത്** നിന്ന് പ്രത്യേകം തയാറാക്കിയാണ് കമ്പക്കയർ കൊണ്ടുവരുന്നത്. പിരി ഉടയാതിരിക്കാനും കമ്പ വാണം സുഗമമായി കയറി ഇറങ്ങാനും കയറിന്മേൽ ഗ്രീസ് പുരട്ടിയെടുക്കും താഴെയുള്ള അറ്റത്തു നിന്ന് തീ കൊളുത്തുന്ന കമ്പ വാണം രണ്ടു മൂന്നു തവണ കയറിൽക്കൂടി കയറി ഇറങ്ങും. അന്ന് അങ്ങാടിയിലെ രണ്ടു വശത്തുമുള്ള വീടുകളിൽ തൊണ്ണൂറു ശതമാനത്തോളവും ഓലപ്പുരകളാണെന്നോർക്കണം. അവയുടെ നടുവിൽക്കൂടിയാണ് തീ തുപ്പുന്ന കമ്പ വാണത്തിന്റെ സഞ്ചാരം. പല കൊല്ലങ്ങളിലെ പിണ്ടിപെരുന്നാളിനും കമ്പ വാണങ്ങൾ ഇത്തരത്തിൽ കയറിയിറങ്ങി. ആൾക്കൂട്ടമതു കണ്ട് അന്തിച്ചു നിന്നു. അത്യന്തം അപകടകരമായ ആ സാഹചര്യത്തിലും അങ്ങാടിപ്പുരകൾക്ക് ഒരു നാശവും സംഭവിച്ചില്ലെന്നുള്ളത് ആശ്ചര്യജനകമാണ്. അന്നത്തെ കരിമരുന്ന് നിർമ്മാതാക്കളുടെ നൈപുണ്യത്തെ എത്ര വാഴ്ത്തിയാലും അധികമാവില്ല

ഇനി അറുപതുകളിലെ പിണ്ടിപെരുന്നാൾ കാഴ്ചകളിലേക്ക്. പിണ്ടിപെരുന്നാൾ ചടങ്ങുകൾ പഴയ പടി തന്നെ. കരിമരുന്ന് പ്രയോഗങ്ങൾ കൂടുതൽ ജനകീയ മാവുകയും, വ്യത്യസ്ത ഇനങ്ങൾ രംഗത്തെത്തുകയും ചെയ്തു. ഇപ്പോൾ നേതൃസ്ഥാനത്ത് ഉക്കുറു എന്ന ആളാണ് മുമ്പേ നമ്മൾ പരിചയപ്പെട്ട ഇയ്യു കുട്ടിയുടെ മകൻ മനുഷ്യവിഭവശേഷിയുടെ സംഘാടനത്തിൽ അതുല്യനായ അദ്ദേഹത്തിന്റെ കാലത്താണ് കുന്നംകുളത്തെ പിണ്ടിപ്പെരുന്നാളാഘോഷം മികവിന്റെ പാരമ്യത്തിലെത്തിയത്. ആറാം തീയതിവൈകീട്ട് പടിഞ്ഞാറെ അങ്ങാടിയിൽ അദ്ദേഹത്തിന്റെ വസതിക്കു മുമ്പിലാരംഭിക്കുന്ന കരിമരുന്നു പ്രയോഗത്തിന്റെ മായക്കാഴ്ചകൾ ആസ്വദിക്കാൻ സമീപപ്രദേശങ്ങളിൽ നിന്നെത്തിയവരെക്കൊണ്ട് അങ്ങാടി നിറഞ്ഞു കവിഞ്ഞു. പുലരും വരെയായിരുന്നു കരിമരുന്ന് കാഴ്ചകൾ. അങ്ങാടിയിലെ എല്ലാ വീടുകളിലേയും കുട്ടികൾ ലാത്തിരിയും, പൂത്തിരിയും മത്താപ്പുമൊക്കെ കത്തിച്ച് ആഘോഷരാവിനെ സജീവമാക്കും നീളമുള്ള ഓടയിൽ നിറച്ച കരിമരുന്ന് കത്തിച്ചാണ് പ്രയോഗങ്ങൾക്ക് തുടക്കം കുറിക്കുക ലൈറ്റ് എന്നറിയപ്പെടുന്ന ഇതിന് പച്ചവെളിച്ചമാണ്. പിന്നീട് മേശപ്പൂവ്, മുട്ടു പൂവ്, മൂളി, തലച്ചക്രം തുടങ്ങിയ അവതാരങ്ങൾ ഓരോന്നായെത്തും ഇരിമ്പു വളയത്തിൽ തിരിയുന്ന പകിരിയാണ് ഇക്കൂട്ടത്തിലെ രാജാവ്. ഏതാണ്ട് സ്റ്റിയറിംഗിന്റെ ആകൃതിയാണ് പകിരി കെട്ടുന്ന ഇരുമ്പു വളയത്തിന് വളയത്തിന്റെ ആരക്കാലുകളും ഇരുമ്പു തന്നെ. കുന്നിവാക കൊണ്ടുണ്ടാക്കിയ വളയത്തിന് ഒത്ത നടുവിലുള്ള മരക്കട്ടയിലാണ് ഇവ ഉറപ്പിച്ചു വെക്കുക. വളയത്തിന്റെ ഒരു ഭാഗത്ത് കരിമരുന്ന് നിറച്ച പകിരിക്കുറ്റി കെട്ടിയുറപ്പിക്കും. നേരെ എതിർ ഭാഗത്ത് തുല്യ ഭാരത്തിലുള്ള വെറും മുളംകുറ്റിയും കെട്ടിയുറപ്പിക്കും



വളയം ബാലൻസ് ചെയ്യാനാണിത്. മരുന്ന് നിറച്ച കുറ്റിയിൽ തീ കൊളുത്തിയാൽ സീൽക്കാര ശബ്ദത്തോടെ വളയം തിരിഞ്ഞു മടങ്ങും തിരിച്ചലിന്റെ ശക്തി കൂടുമ്പോൾ ഒരഗ്നി വ്യത്തം മാത്രമാണ് കാണാനാവുക. പടിഞ്ഞാറെ അങ്ങാടിയിലുള്ള പഴയ പള്ളിപറമ്പിലും പകിരി മത്സരങ്ങളുണ്ടായിരുന്നു. അത്തരമൊരു മത്സരത്തിൽ കാൽ പവന്റെ ഒന്നാം സമ്മാനം നേടിയത് ഉക്കുറുവിന്റെ മകനായ വിന്നി (കുഞ്ഞുമോൻ) ആയിരുന്നു.കരിമരുന്ന് നിർമ്മാണം ഉക്കുറുവിന്റെ വീടിനു പിന്നിലുള്ള കമ്പനിയിൽ വെച്ചാണ് (പണ്ട് അവിടെ വെളിച്ചെണ്ണ മില്ലുണ്ടായിരുന്നു, അതാണ് കമ്പനി എന്ന പേരിൽ അറിയപ്പെടാൻ കാരണം) ഉപ്പും ,ഗന്ധകവും, കരിയുമൊക്കെ അമ്മികളിന്മേൽ അരച്ചെടുക്കും.ഓരോ ഇനത്തിന്റേയും നിർമ്മാണ രീതികളിലും മരുന്നിന്റെ അനുപാതത്തിലുമൊക്കെ വ്യത്യാസമുണ്ട്. സി.വി. ജോബായിരുന്നു (സെയിൽസ് ടാക്സ് പ്രാക്ടീഷണറായിരുന്നു ഇദ്ദേഹം) കരിമരുന്ന് അളന്നു തൂക്കി പണിക്കാർക്ക് വിതരണം ചെയ്യുക. ചേറു,അയ്പ്പൂരു ഇട്ട്യേര തുടങ്ങിയവരാണ് പ്രധാന പണിക്കാർ കെ.പി.ഇയ്യാക്കു (കുന്നംകുളം നഗരസഭയുടെ മുൻ ചെയർമാൻ) എ.പി. പൈലുണ്ണി (മുൻ നഗരസഭാകൗൺസിലർ) സി.പി കുഞ്ഞുകുഞ്ഞൻ മാത്തുക്കുട്ടി തോമായി കൊച്ചുണ്ണി തുടങ്ങിയ ഒട്ടേറെപ്പേരും സർവ്വ സന്നദ്ധരായി സ്ഥലത്തുണ്ടാകും' അവരുടെയൊക്കെ രക്തത്തിൽ അലിഞ്ഞു ചേർന്നതാണ് പിണ്ടിപെരുന്നാൾ

അങ്ങാടി വീടുകളിൽ കത്തിക്കുന്ന ലാത്തിരിയും, ലൈറ്റും മേശപ്പൂവുമൊക്കെ വീടുകളിൽത്തന്നെ ഉണ്ടാക്കാറാണ് പതിവ്. അങ്ങാടികളിലെ ഇരുപതു ശതമാനം പേർക്കെങ്കിലും എന്റെ അപ്പൻ ഉൾപ്പെടെ കരിമരുന്നിന്റെ ചേരുവകളും കണക്കും നിർമ്മാണ രീതികളും കൃത്യമായി അറിയാമായിരുന്നുവെന്ന കാര്യം തീർത്തും അത്ഭുതകരമാണ്.

തൊണ്ണൂറുകളോടെ പിണ്ടിപ്പെരുന്നാളിന്റെ മഹത്വം ക്ഷയിച്ചു. പഠിപ്പിനും, ജോലിക്കുമായി യുവാക്കൾ മറുനാടുകളിൽ ചേക്കേറിയതും വീടുകളിൽ വൃദ്ധജനങ്ങൾ മാത്രം അവശേഷിച്ചതും ആൾപാർപ്പില്ലാതെ പല വീടുകളും അടച്ചു പൂട്ടിയതും വീടുകളിൽ നിന്ന് വാഴകൾ അപ്രത്യക്ഷമായതും അതിന് കാരണങ്ങളായി. പത്ത്, പന്ത്രണ്ട് കൊല്ലങ്ങളായി പിണ്ടിപ്പെരുന്നാൾ നഷ്ടപ്രതാപം വീണ്ടെടുത്തു വരികയാണ്.അങ്ങാടികളിലെ ചെറുപ്പക്കാരുടെ സംഘങ്ങൾ പെരുന്നാൾ നടത്തിപ്പിന് മുന്നിട്ടിറങ്ങാൻ തുടങ്ങിയത് ശുഭസൂചനയാണ്. പിണ്ടികളുടെ എണ്ണത്തിൽ കുറവുണ്ടെങ്കിലും വൈദ്യുതാലങ്കാരങ്ങൾ അതിന്റെ കുറവു നികത്തുന്നു.പെരുന്നാളിന്റെ ആഹ്ലാദത്തിലൊഴുകാൻ ആളുകൾ അങ്ങാടികളിലേക്കെത്തുന്നു.

വി.സി.ഗീവർഗീസ്

OUR SERVICES

FLAGS

T-SHIRTS

FESTIVAL AD SUPPLEMENTS

ACRYLIC MULTIWOOD NAME BOARDS

LED RENTAL NAME BOARDS

SOCIAL MEDIA POSTER

FESTIVAL PROMOS

STICKER PRINTING

BADGES

CAPS

IMPERIUM
GRAPHICS
KUNNAMKULAM ANGADI

CONTACT NOW
7560 85 97 97
9400 55 00 61